കഴിഞ്ഞു. എന്നാൽ പോർട്ട് വകുപ്പിന്റെ സ്ഥലം തുറമുഖ വികസനത്തിന് ആവശ്യമായതിനാൽ പകരം ഭൂമി കണ്ടെത്തണമെന്നാണ് ഇപ്പോൾ തുറമുഖ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ അക്കൗണ്ട്സ് ഓഫീസർക്ക് എൽ.ടി.സി. ഇനത്തിൽ നൽകിയ തുക

18 (2969) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ അക്കൗണ്ട്സ് ഓഫീസർക്ക് കഴിഞ്ഞ വർഷം എൽ.ടി.സി. ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തുക നൽകുന്നതിൽ മുമ്പ് സർക്കാരിന്റെ അനുമതി തേടാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അക്കൗണ്ട്സ് ഓഫീസറുടെ കുടുംബാംഗങ്ങൾക്കും എൽ.ടി.സി. നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാമാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇങ്ങനെ എൽ.ടി.സി. തുക നൽകുന്നതിന് സർക്കാർ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇതിനുമുമ്പ് ആർക്കെല്ലാമാണ് എൽ.ടി.സി. നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 39,195 രൂപ നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നും സ്വതന്ത്ര സേവന വ്യവസ്ഥ പ്രകാരമാണ് അക്കൗണ്ട്സ് ഓഫീസറെ നിയമിച്ചിട്ടുള്ളത്. ആയതിനാൽ വ്യവസ്ഥ പ്രകാരം കേന്ദ്ര ജീവനക്കാരുടെ ആനുകൂല്യം നൽകാൻ ബാദ്ധ്യസ്ഥരാണ്.

(സി) ചട്ടങ്ങൾ പ്രകാരം അക്കൗണ്ട്സ് ഓഫീസറുടെ ഭാര്യയ്ക്കും, മകനും, മകൾക്കും നൽകിയിട്ടുണ്ട്.

(ഡി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ആർക്കും നൽകിയിട്ടില്ല.

വെള്ളായണിക്കായൽ പ്രദേശത്തെ മലയിടിച്ചിൽ

19 (2970) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ വെള്ളായണിക്കായൽ, പുഞ്ചക്കരി തിരുവല്ലം പ്രദേശത്ത് പരിസ്ഥിതി വിനാശത്തിനിടയാക്കുംവിധം വ്യാപകമായി നടന്നുവരുന്ന മലയിടിച്ചിൽ, കായൽ നികത്തൽ, മണൽ ഖനനം എന്നിവ നിയന്ത്രിക്കണം എന്നാവശ്യപ്പെട്ട് പുഞ്ചക്കരി സൗപർണ്ണിക വായനശാല ഭരണ സമിതിയുടെ 31-3-2003-ലെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly